"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 - ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09.06.2026-ലെ 2/1, 27.06.2026-ലെ 5 എന്നീ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1343/2026/LSGD തീയതി, തിരുവനന്തപുരം, 23-07-2026

---

പരാമർശം:-

1. മണക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09.06.2026 തീയതിയിലെ തീരുമാനം നമ്പർ 2/1.
2. മണക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.06.2026 തീയതിയിലെ തീരുമാനം നം. 5.
3. മണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/06/2026 തീയതിയിലെ 3161873-2025 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്ത് 14-ാം വാർഡിൽ 'മുരിക്കാടൻസ് വുഡ് ഇൻഡസ്ട്രീസ്' എന്ന പേരിലുള്ള വ്യവസായ സ്ഥാപനത്തിന് കെട്ടിടനിർമ്മാണാനുമതി നിരസിച്ച മണക്കാട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (2) പ്രകാരമുള്ള തീരുമാനം പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) മണക്കാട് ഗ്രാമപഞ്ചായത്ത് 14-ാം വാർഡിൽ മണക്കാട് വില്ലേജിലെ സർവ്വേ നമ്പറുകൾ 382/3/2, 382/3/1/1/1, 380/3/1/2, 382/2/1/1 എന്നിവയിൽ ഉൾപ്പെട്ട 117 ആർ 06 ചതുരശ്ര മീറ്റർ വസ്തുവിൽ 994.7 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ 'മുരിക്കാടൻസ് വുഡ് ഇൻഡസ്ട്രീസ്' എന്ന പേരിലുള്ള സ്ഥാപനത്തിനായി വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ. പി.എ കബീർ, ശ്രീ. മുഹമ്മദ് എം.എ, ശ്രീ. ഇബ്രാഹിം എൻ.എം എന്നിവർ നൽകിയ അപേക്ഷ ന്യൂനത പരിഹരിക്കുന്നതിനായി തിരികെ നൽകിയതിനെത്തുടർന്ന് ആയത് പരിഹരിച്ച്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം അടക്കം പ്രസ്തുത സ്ഥാപനമാരംഭിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും സഹിതം 25.06.2025-ൽ പുനഃസമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിൽ മണക്കാട് ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണം നടത്തുകയും ടി കെട്ടിടം 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ

ചട്ടങ്ങൾ പാലിച്ചു കൊണ്ട് നിർമ്മിക്കാൻ സാധിക്കുന്നതാണെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ളതാണെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നു.

3) പ്രസ്തുത പ്ലൈവുഡ് ഫാക്ടറിയുടെ പ്രവർത്തനം അന്തരീക്ഷ മലിനീകരണത്തിനും ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുമെന്ന് കാണിച്ച് പരാതികൾ ലഭിച്ചതിനെ തുടർന്ന്, പെർമിറ്റ് അപേക്ഷയും പരാതികളും പഞ്ചായത്ത് ഭരണസമിതി പരിഗണിക്കുകയും **01/09/2025**-ന് പരാതിക്കാരെയും അപേക്ഷകരെയും ഹിയർ ചെയ്യുകയും ചെയ്തിരുന്നുവെന്നും പ്രസ്തുത ഹിയറിംഗിൽ മലിനജലം സമീപ ജലാശയങ്ങളിലേക്ക് ഒഴുകാനും, പ്ലൈവുഡ് നിർമാണത്തിൽ ഉപയോഗിക്കുന്ന രാസവസ്തുക്കൾ മൂലം വായുമലിനീകരണം ഉണ്ടാകാനും സാധ്യതയുണ്ടെന്ന ആശങ്ക പരാതിക്കാർ ഉന്നയിച്ചതിനെത്തുടർന്ന്, സമാന പ്ലൈവുഡ് ഫാക്ടറികൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും, കമ്പനിയിൽ നിന്നുള്ള മലിനീകരണം കാരണം ജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ടോ എന്നതിനെക്കുറിച്ച് ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭിപ്രായം തേടുന്നതിനും ഭരണസമിതി തീരുമാനിച്ചിരുന്നുവെന്നും അതനുസരിച്ച് ജില്ല മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമായിട്ടില്ലെന്നും അതോടൊപ്പം തദ്ദേശസ്ഥാപന, നിയമസഭ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ സംയുക്ത പരിശോധനയും തുടർനടപടികളും വൈകിയെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) തുടർന്ന്, പെർമിറ്റ് അപേക്ഷയിൽ തീരുമാനമെടുക്കണമെന്ന് കാണിച്ച് ശ്രീ. പി.എ കബീർ മുതൽപേർ **30.04.2026**-ൽ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിഷയം വീണ്ടും പഞ്ചായത്ത് ഭരണസമിതി പരിഗണിക്കുകയും രണ്ട് പ്ലൈവുഡ് ഫാക്ടറികൾ സന്ദർശിക്കാൻ സബ് കമ്മിറ്റി രൂപീകരിക്കുകയും സബ് കമ്മിറ്റി **26/05/2026**-ന് രണ്ട് ഫാക്ടറികളിൽ നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഫാക്ടറിയിൽ നിന്ന് മലിനജലം തോട്ടിലേക്ക് ഒഴുകി എത്തുന്ന പക്ഷം പഞ്ചായത്തിലെ വിവിധ വാർഡുകളെ ബാധിക്കുന്നതാണെന്ന് വിലയിരുത്തുകയും നിർദിഷ്ടനിർമ്മാണത്തിനുള്ള സ്ഥലം സന്ദർശിച്ചതിൽ പ്രസ്തുത സ്ഥലത്തുനിന്ന് സമീപത്തുള്ള തോട് വരെ പൈപ്പ് സ്ഥാപിച്ചിരിക്കുന്നതായി സബ് കമ്മിറ്റി കണ്ടെത്തുകയും ചെയ്തുവെന്നും ടി പൈപ്പിലൂടെ മലിനജനം തോട്ടിലേക്ക് ഒഴുക്കുവാൻ സാധ്യതയുള്ള സാഹചര്യത്തിലും പ്രാദേശികമായ പരാതികൾ പരിഗണിച്ചും സ്ഥാപനത്തിന് കെട്ടിടനിർമ്മാണാനുമതി നല്കേണ്ടതില്ലെന്ന സബ് കമ്മിറ്റി റിപ്പോർട്ട് പരിഗണിച്ച **09/06/2026**-ലെ ഭരണസമിതി യോഗം സ്ഥാപനത്തിന് പെർമിറ്റ് നൽകേണ്ടതില്ലെന്ന് പരാമർശം (1) പ്രകാരം തീരുമാനിച്ചുവെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) കെട്ടിടനിർമ്മാണ പെർമിറ്റിന് ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടെ സമർപ്പിച്ച അപേക്ഷ ആയതിനാലും ടി കെട്ടിടം **2019**-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചു കൊണ്ട് നിർമ്മിക്കാൻ സാധിക്കുന്നതാണെന്ന് സാങ്കേതിക വിഭാഗം റിപ്പോർട്ട് നൽകിയിട്ടുള്ളതിനാലും നിയമാനുസൃത നിർമ്മാണാനുമതി നിഷേധിക്കാൻ പഞ്ചായത്തിന് നിയമപരമായി സാധിക്കുകയില്ലെന്നും സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയിൽ അറിയിക്കുകയും ടി തീരുമാനം പുനഃപരിശോധിക്കുന്നതിന് ആവശ്യപ്പെട്ടതിനെത്തുടർന്ന്

27.06.2026-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ഇക്കാര്യം വീണ്ടും പരിശോധിക്കുകയും മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്നാണ് പരാമർശം (3) പ്രകാരം സെക്രട്ടറി ഇക്കാര്യം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്

6) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 233 പ്രകാരം വ്യവസായസംരംഭം സ്ഥാപിക്കുന്നതിനുള്ള അനുമതി നിഷേധിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരമില്ലാത്തതാണെന്ന് കാണുന്നു. കൂടാതെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 185B പ്രകാരം, ഉദ്യോഗസ്ഥരിൽ നിയമപരമായി നിക്ഷിപ്തമായിരിക്കുന്ന ചുമതലകളുടെയും അധികാരങ്ങളുടെയും നിർവ്വഹണത്തിൽ ഇടപെടാൻ പഞ്ചായത്ത് കമ്മിറ്റിക്ക് അനുമതിയില്ലെന്നും കാണുന്നു.

7) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1), (2) പ്രകാരമുള്ള തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(4) പ്രകാരം സ്റ്റേ ചെയ്തും, ടി ആക്ടിന്റെ വകുപ്പ് 191(2) പ്രകാരം പ്രസ്തുത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാനവാസ് എസ് ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി
പ്രസിഡന്റ്, മണക്കാട് ഗ്രാമപഞ്ചായത്ത്, ഇടുക്കി
സെക്രട്ടറി, മണക്കാട് ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Rashmi D
Date: 24-07-2026
10:21:30

സെക്ഷൻ ഓഫീസർ